**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 682.** **30.06.2016 ന് മറുപടിയ്ക്ക്**

# അനധികൃത മദ്യവിൽപന

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ.എസ്.ശർമ്മ<br>,, യു. ആർ. പ്രദീപ്<br>,, കെ.ജെ. മാക്സി<br>,, ഡി.കെ. മുരളി :</td><td colspan="2">ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി)</td></tr>
<tr><td>(എ)</td><td>മുൻസർക്കാർ മദ്യനയത്തിൽ മാറ്റം വരുത്തിയതിനുശേഷവും അതിനു മുൻപും, വിവിധതരം മദ്യത്തിനു മേലുള്ള എക്സൈസ് തീരുവ, വിൽപ്പന നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനത്തിൽ ഉണ്ടായ വ്യതിയാനം, എന്നിവ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;</td><td>(എ)</td><td>അവലോകനം ചെയ്തിട്ടുണ്ട്. 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിച്ച ആകെ വരുമാനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.<br><table><tr><th>സാമ്പത്തിക വർഷം</th><th>2013-14</th><th>2014-15</th><th>2015-16</th></tr><tr><td>ആകെ വരുമാനം</td><td>1931,89,05,324</td><td>1778,07,26,638</td><td>1934,58,45,430</td></tr><tr><td>മുൻ വർഷത്തിൽ നിന്നുള്ള വ്യതിയാനം</td><td>(-) 317,86,03,927</td><td>(-) 153,81,78,686</td><td>(+) 156,51,18,792</td></tr></table></td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് വിൽക്കാൻ അനുമതിയുള്ള ബിയർ, വൈൻ എന്നിവയിലുള്ള ആൽക്കഹാളിന്റെ ഉയർന്ന പരിധി എത്രയാണ് ; ബാർ ലൈസൻസ് ഉണ്ടായിരുന്ന വിൽപ്പനശാലകൾ ബിയർ വൈൻ പാർലറുകളായിമാറിയതിനു ശേഷവും ഇവയിലൂടെ വിൽക്കുന്ന ബിയറിലെയും വൈനിലെയും</td><td>(ബി) & (സി)</td><td>സംസ്ഥാനത്ത് വിൽക്കാൻ അനുമതിയുള്ള ബിയർ, വൈൻ എന്നിവയിലുള്ള അൽക്കഹാളിന്റെ ഉയർന്ന പരിധി യഥാക്രമം 6% v/v, 15.5% v/v എന്നിങ്ങനെയാണ്. ബിയർ-വൈൻ പാർലറുകളിലൂടെ വിൽക്കുന്ന ബിയറിലെയും വൈനിലെയും ആൽക്കഹാളിന്റെ അളവ് അനുവദനീയമായ പരിധിയിലും അധികമാണെന്ന് പരാതി ലഭിച്ചിട്ടില്ല. എന്നിരുന്നാലും ലൈസൻസ് സ്ഥാപന ങ്ങളിൽ അനധികൃത മദ്യവിൽപ്പന കർശനമായി തടയുന്നതിന് പ്രസ്തുത സ്ഥാപനങ്ങളിൽ കൃത്യമായ</td></tr>
</table>

| | | | |
|---|---|---|---|
| | ആൽക്കഹാളിന്റെ അളവ് അനുവദനീയമായ പരിധിയിലും അധികമാണെന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തൽ എന്തായിരുന്നു ; | | ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അപ്രതീക്ഷിത പരിശോധനകളും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രത്യേക പരിശോധനകൾ നടത്തി വരുകയും ചെയ്യുന്നു. ഈ നടപടികൾ മൂലം ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇത്തരത്തിലുള്ള അനധികൃത മദ്യവിൽപ്പന കർശനമായി തടയാനായി എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | | |

Shaini.V

**സെക്ഷൻ ഓഫീസർ**